ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള നിലവിലെ സംവിധാനം

216 (2088) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013, 2014 എന്നീ വർഷങ്ങളിൽ ഓരോ വർഷവും എത്ര റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട് ; പരിക്കേറ്റവർ എത്ര ;

(ബി) ഈ അപകടങ്ങളിൽപ്പെട്ട ഡ്രൈവർമാരിൽ എത്ര പേരെ മദ്യപിച്ചിട്ടുണ്ടോ എന്നറിയാനുള്ള പരിശോധനയ്ക്ക് വിധേയരാക്കിയിട്ടുണ്ട് ; അവരിൽ എത്ര പേർ മദ്യപിച്ചതായി കണ്ടെത്തിയിട്ടുണ്ട് ;

(സി) വാഹനമോടിക്കുന്നവർ മദ്യപിച്ചിട്ടുണ്ടോ എന്ന കണ്ടെത്താൻ പരിശോധന നടത്താനുള്ള നിലവിലെ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംശയാസ്പദമായ എല്ലാ കേസുകളിലും പരിശോധന നടത്താനുള്ള ഉപകരണം പോലീസിനു നല്കുകയും പരിശോധന കർശനമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ ?

ഉത്തരം

(എ)

വർഷം	ആകെ റോഡപകടങ്ങൾ	മരണം	പരിക്കേറ്റവർ
2013	35,215	4,258	40,346
2014 നവംബർ 30 വരെ	32,635	3,558	36,647

(ബി)

വർഷം	മദ്യപിച്ചിട്ടുണ്ടോ എന്നറിയാനുള്ള പരിശോധനയ്ക്ക് വിധേയരാക്കിയവർ	മദ്യപിച്ചതായി കണ്ടെത്തിയവർ
2013	3,249	156
2014 നവംബർ 30 വരെ	3,115	140

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) നിലവിൽ ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിയും ആശുപത്രിയിൽ കൊണ്ടുപോയി മെഡിക്കൽ പരിശോധന/രക്തസാമ്പിൾ പരിശോധന നടത്തിയും വാഹനമോടിക്കുന്നവർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തിവരുന്നു. സംശയാസ്പദമായ എല്ലാ കേസ്സുകളിലും ഈ ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തി വരുന്നു.

കൊലക്കേസ് പ്രതി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം

217 (2089) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോട്ടോക്കോളും ബ്ലൂബുക്ക് പ്രൊസിജിയറും മറികടന്ന് കൊലക്കേസ് പ്രതിയും ചന്ദനക്കള്ളക്കടത്ത് കേസിൽ ജയിലിൽ കിടന്നയാളും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം എങ്ങനെയുണ്ടായെന്ന് വ്യക്തമാക്കാമോ :

(ബി) ഈ വിഷയത്തിൽ കേന്ദ്ര സേനയ്ക്ക് യഥാവിധം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ സംസ്ഥാന പോലീസിന്റെ നടപടി പരിശോധിച്ചിട്ടുണ്ടോ : കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 27-9-2014-ാം തീയതി രാവിലെ ഏതാണ്ട് 9.15 മണിയോടെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ബഹു. കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് ക്ഷേത്രത്തിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ കയറാൻ തുടങ്ങുന്ന സമയം സന്തോഷ് എന്ന ബി.ജെ.പി. പ്രവർത്തകൻ ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ സുരക്ഷാചുമതലയുള്ള നാഷണൽ സെക്യൂരിറ്റി ഗ്രൂപ്പ് സേനാംഗങ്ങളുടെയും മുതിർന്ന സംസ്ഥാന ബി.ജെ.പി. നേതാക്കളുടെയും സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കന്മാരുടെ അറിവോടും സമ്മതത്തോടുകൂടിയും ബഹു. കേന്ദ്ര സുരക്ഷാ അധികൃതരുടെ ലെയ്സൺ ഓഫീസറുടെ അനുമതിയോടുകൂടിയും ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ തലയിൽ തലപ്പാവ് അണിയിക്കുകയാണുണ്ടായത്. ഇത്തരത്തിൽ തലപ്പാവ് അണിയിക്കുന്നത് സംബന്ധിച്ച് ഒരു വിവരവും സംസ്ഥാന പോലീസ് അധികാരികളെയോ സ്ഥലത്ത് സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയോ മുൻകൂട്ടി അറിയിക്കുകയോ മുൻകൂർ അനുവാദം വാങ്ങുകയോ ചെയ്തിരുന്നില്ല. തലപ്പാവ് അണിയിക്കുന്ന സമയത്ത് സ്ഥലത്ത് കൂടിയിരുന്ന ബി.ജെ.പി. പ്രവർത്തകരുടെ കൂട്ടത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ചന്ദന മോഷണ കേസിൽ ഉൾപ്പെട്ടിരുന്ന പ്രതിയായ തിരുവനന്തപുരം കമലേശ്വരം ഗംഗാനഗർ പണയിൽ വീട്ടിൽ അപ്പുക്കുട്ടൻ നായർ മകൻ വിജയകുമാർ എന്ന ബി.ജെ.പി. പ്രവർത്തകനും കൂടെയുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly